**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 731** **14-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗക്കാർ എടുത്തിട്ടുളള വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുളള കുടിശ്ശികയായ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | പട്ടികജാതി വിഭാഗക്കാർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31/03/2010 ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ട്. ഇതിനുപുറമേ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്, വ്യവസായ വാണിജ്യ വകുപ്പ് എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31/03/2006 - ന് തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ 50,000/- രൂപ വരെ എഴുതി തള്ളുന്നതിനും, വിവിധ സർക്കാർ വകുപ്പുകൾ, കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ളതും 31.03.2006 - ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ 25,000/- രൂപ വരെയും എഴുതിത്തള്ളുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം നടപ്പ് വർഷം നാളിതുവരെയായി എത്ര ആളുകളുടെ ലോൺ കുടിശിക എഴുതിത്തള്ളിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | ഏറനാട് മണ്ഡലത്തിൽ നിന്നുള്ള എത്ര അപേക്ഷകൾ ഇതിനായി ലഭിച്ചിരുന്നു; ആയതിൽ എത്ര ആളുകളുടെ ലോൺ കുടിശ്ശിക എഴുതിത്തള്ളിയിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ